# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1988 — 07-12-2015 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതിയി - ഭൂമി ഏറ്റെടുക്കൽ നടപടിയും അടിസ്ഥാന സൗകര്യ വികസന പദ്ധതികളും

**ചോദ്യം**

ശ്രീ. ബി.സത്യൻ :
ശ്രീ. വി.ശിവൻകുട്ടി :
ശ്രീ. പി.കെ.ഗുരുദാസൻ :
ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച ഭൂമി ഏറ്റെടുക്കാൻ നടപടിയും അടിസ്ഥാന സൗകര്യം ഒരുക്കാനുള്ള പദ്ധതികളും പൂർത്തിയായിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി ഇതിനകം കൈക്കൊണ്ട തീരുമാനങ്ങളിൽ പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതെ അവശേഷിക്കുന്നവ ഏതൊക്കെ ; മൊത്തം ഏതെല്ലാം ഇനങ്ങളിൽ എന്തു തുക ഭൂമി ഏറ്റെടുക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ചെലവ് പ്രതീക്ഷിച്ചിട്ടുണ്ടായിരുന്നു ; ഏതെല്ലാം സാമ്പത്തിക

**മറുപടി**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

(എ) യും (ബി) യും വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി ആരംഭിച്ച ഭൂമി ഏറ്റെടുക്കലിന്റെയും അടിസ്ഥാന സൗകര്യം ഒരുക്കുന്നതു സംബന്ധിച്ചുമുള്ള വിവരം ചുവടെ ചേർക്കുന്നു.

1. **ഭൂമി** : പദ്ധതിക്കാവശ്യമായ 90% ഭൂമിയും ഏറ്റെടുത്തു കഴിഞ്ഞു.
2. **വെള്ളം** : വെള്ളം എത്തിക്കുന്നതിനായുള്ള പദ്ധതി പൂർത്തിയായി.
3. **വൈദ്യുതി** : വൈദ്യുതി എത്തിക്കുന്നതിനായുള്ള പണികൾ പുരോഗമിച്ചുവരുന്നു.
4. **റെയിൽ** : റെയിൽ വികസനത്തിനായുള്ള ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കി റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. റെയിൽ വികസനം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിനെ സമീപിക്കുന്നതാണ്. റെയിൽ പദ്ധതിയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ ഉടൻ ആരംഭിക്കുന്നതാണ്.

സർക്കാർ എടുത്ത തീരുമാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനും അനുബന്ധ വികസനത്തിനും പുലിമുട്ട്, ഫിഷിംഗ് ഹാർബർ എന്നിവ ഉൾപ്പെടെ 3436 കോടിയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ

| | |
|---|---|
| വർഷങ്ങളിലായി എന്തു തുക ഇതിനകം ചെലവഴിക്കുകയുണ്ടായി; പൂർത്തിയാക്കുന്നതിന് എന്തു തുക ഇനിയും ആവശ്യമായിട്ടുണ്ട്; | നിന്നും റെയിൽ വികസനം കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള ശ്രമങ്ങൾ നടന്നുവരുന്നു.<br><br>സാമ്പത്തിക വർഷാടിസ്ഥാനത്തിൽ തുറമുഖ വികസനത്തിനായി വിനിയോഗിച്ച തുക ചുവടെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക (കോടിയിൽ) |
|---|---|
| 2004-05 | 0.05 |
| 2005-06 | 0.22 |
| 2006-07 | 0.08 |
| 2007-08 | 1.31 |
| 2008-09 | 1.26 |
| 2009-10 | 3.09 |
| 2010-11 | 83.97 |
| 2011-12 | 227.63 |
| 2012-13 | 69.77 |
| 2013-14 | 229.9 |
| 2014-15 | 18.81 |
| 2015-16 ഒക്ടോബർ വരെ | 4.33 |
| മൊത്തം | 640.42 |

പദ്ധതി പൂർത്തിയാക്കുന്നതിനായി ഭൂമിയും മറ്റു അനുബന്ധ വികസന സൗകര്യങ്ങൾക്കുമായി 2796 കോടി രൂപ പ്രതീക്ഷിക്കുന്നു. ഇതിൽ സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഏകദേശം 400 കോടി രൂപ പ്രതീക്ഷിക്കുന്ന റെയിൽ വികസനവും ഉൾപ്പെടുന്നു.

| | | |
|---|---|---|
| (സി) | സീ പോർട്ട് കമ്പനിയുടെ പേരിൽ (സി) വാങ്ങിയ ഭൂമിയിൽ അദാനി ഗ്രൂപ്പിന് കൈമാറിയത് എത്ര ഏക്കർ ; | സീ പോർട്ട് കമ്പനിയുടെ പേരിൽ വാങ്ങിയ 203 ഏക്കർ ഭൂമി സർക്കാരിന് ലീസ് നൽകുകയും സർക്കാർ അതിൽ 199 ഏക്കർ ഭൂമി അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് കമ്പനിയ്ക്ക് നിർമ്മാണത്തിനും നടത്തിപ്പിനുമായുള്ള Right of Way |

കൈമാറുമ്പോഴുള്ള മാർക്കറ്റ് വാല്യൂ എത്ര കോടിയായിരുന്നു : അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ചെലവാക്കിയത് മൊത്തം തുക എത്രയായിരുന്നു :

(RoW) നൽകുകയും ചെയ്തു. ഭൂമിയ്ക്കും മറ്റു അടിസ്ഥാന സൗകര്യങ്ങൾക്കുമായി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു

| | തുക (കോടിയിൽ) |
|---|---:|
| ഭൂമി | 533 |
| വെള്ളം | 7 |
| വൈദ്യുതി | 51 |
| റെയിൽ | 4 |
| ആകെ | 595 |

(ഡി) 28-07-2015 ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ ?

(ഡി) 28-07-2015 ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

i) തുറമുഖ ഭൂമി വികസനത്തിന് ആവശ്യമായ ബാക്കി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്താൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.

ii) പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസത്തെ സംബന്ധിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നതായി ഫിഷറീസ് സെക്രട്ടറി യോഗത്തെ ധരിപ്പിച്ചു.

iii) NH 47 നേയും NH 47 ബൈപ്പാസിനേയും ബന്ധിപ്പിക്കുന്ന 3 റോഡുകൾ (1. പള്ളിച്ചൽ - വിഴിഞ്ഞം, 2. ബാലരാമപുരം - മുക്കോല, 3. വഴിമുക്ക് - കാഞ്ഞിരംകുളം) ദൃഢപ്പെടുത്തുന്നതിനായി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തി.

iv) നിർദ്ദിഷ്ട NH 47 ബൈപ്പാസ് മുക്കോലയിൽ നിന്നും കോട്ടുകാലിലേക്ക് നീട്ടുന്നതിനായുള്ള നടപടികൾ കൈക്കൊള്ളാൻ തീരുമാനമായി.

സെക്ഷൻ ഓഫീസർ